"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലൂക്കിൽ, ആറ്റിപ്ര വില്ലേജിൽ ബ്ലോക്ക് നമ്പർ 18 റീസർവ്വെ നമ്പർ 9-ൽപ്പെട്ട 50 സെന്റ് ഭൂമി സ്റ്റേഷനോഫീസ് നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി സംസ്ഥാന ജലഗതാഗത വകുപ്പിന് ഉപയോഗാനുമതി നൽകുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (യു) വകുപ്പ്**

സ.ഉ.(കൈ) നം.257/2024/RD തീയതി,തിരുവനന്തപുരം, 06-12-2024

---

പരാമർശം:-

1. സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറുടെ 01/11/2023ലെ നം.SWTDHO/901/2023-A1 കത്ത്.
2. ലാന്റ് റവന്യൂ കമ്മീഷണറുടെ 19/09/2024-ലെ LR/14219/ 2022- LR(K2) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ജില്ലയിൽ വേളിയിൽ നിന്നും കഠിനംകുളം-അഴൂർ വഴി പുളിമൂട്ടിൽ കടവ് വരെ സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം താലുക്കിൽ, ആറ്റിപ്ര വില്ലേജിൽ, ബ്ലോക്ക് നമ്പർ 18, റീസർവ്വെ നമ്പർ 9ൽ (സ്റ്റേഷൻ കടവ് പാലത്തിന് സമീപം) പാർവ്വതി പുത്തനാർ എന്ന് രേഖപ്പെടുത്തി സർക്കാർ പുറമ്പോക്കായി നിശ്ചയിച്ചിട്ടുള്ള 6 ഹെക്ടർ 56 ആർ ഭൂമിയിൽ നിന്നും 50 സെന്റ് ഭൂമി സ്റ്റേഷനോഫീസ് നിർമ്മിക്കുന്നതിനായി സംസ്ഥാന ജലഗതാഗത വകുപ്പിന് അനുവദിക്കുന്നതിനായി സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടർ പരാമർശം 1 പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. ആറ്റിപ്ര വില്ലേജിൽ, ബ്ലോക്ക് നമ്പർ 18, റീസർവ്വെ നമ്പർ 9-ൽപ്പെട്ടതും വില്ലേജ് റിക്കാർഡിൽ പാർവ്വതീ പുത്തനാർ എന്നു രേഖപ്പെടുത്തിയിട്ടുള്ളതുമായ 6.56 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെട്ടുവരുന്ന 50 സെന്റ് ഭൂമി ജലഗതാഗത വകുപ്പിന് ബോട്ട് സ്റ്റേഷൻ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ ടി ഭൂമി പ്രസ്തുത ആവശ്യത്തിന് ജലഗതാഗത വകുപ്പിന് കൈമാറാവുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 2 പ്രകാരം ശിപാർശ സമർപ്പിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ കമ്മീഷണറുടെ ശിപാർശ പരിഗണിച്ച് തിരുവനന്തപുരം ജില്ലയിൽ, തിരുവനന്തപുരം താലുക്കിൽ, ആറ്റിപ്ര വില്ലേജിൽ, ബ്ലോക്ക് നമ്പർ 18, റീസർവ്വെ നമ്പർ 9-ൽ (സ്റ്റേഷൻ കടവ് പാലത്തിന് സമീപം) പാർവ്വതി പുത്തനാർ എന്ന് രേഖപ്പെടുത്തി സർക്കാർ

പുറമ്പോക്കായി നിശ്ചയിച്ചിട്ടുള്ള 6 ഹെക്ടർ 56 ആർ ഭൂമിയിൽ നിന്നും 50 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി ടി ഭൂമി സ്റ്റേഷനോഫീസ് നിർമ്മിക്കുന്നതിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി സംസ്ഥാന ജലഗതാഗത വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവാകുന്നു.

i. ഭൂമി അനുവദിച്ച ആവശ്യത്തിനു മാത്രമേ ഉപയോഗിക്കാവു ;
ii. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല ;
iii. ഭൂമി ഉപപാട്ടത്തിന്/തറവാടകയ്ക്ക് നൽകുവാനോ ദുരുപയോഗപ്പെടുത്തുവാനോ പാടില്ല ;
iv. ഭൂമി എല്ലാ തരത്തിലുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ചു നിർത്തേണ്ടതാണ്;
v. ഭൂമിയിലെ മരങ്ങൾ മുറിക്കാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളു;
vi. പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഭൂമി അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ ആരംഭിക്കേണ്ടതാണ്;
vii. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനഃനിക്ഷിപ്തമാകുന്നതാണ്.

4. തിരുവനന്തപുരം ജില്ലാ കളക്ടർ ഈ വിഷയത്തിൽ അടിയന്തിര തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ്, ആലപ്പുഴ
ഗതാഗത (ഡി) വകുപ്പ്
കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഈ), കേരള, തിരുവനന്തപുരം
പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhu L V
Date: 07-12-2024 11:07:09
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്